بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

# EVIDENCES IN SUPPORT OF THE CLAIMS OF HAZRAT KHALIFATHULLAH MUNIR AHMAD AZIM (ATBA)

## ഹസ്രത് മുനീർ അഹ്മദ് അസീം (ATBA) ന്റെ സത്യസാക്ഷ്യം

### അല്ലാഹു(ത) അദ്ദേഹത്തിനു നല്കിയ ആത്മീയപദവികൾ കാണുക

| | |
|---|---|
| 1. അമീറുൽ മുഅ്മിനീൻ | 19 ജനുവരി 2003 |
| 2. ഹസ്റത്ത് | 25 ജൂലൈ 2003 |
| 3. മുഹ്യിദ്ദീൻ | 06-07 ഡിസംബർ 2003 |
| 4. മുസ്ലിഹ് മൗഊദ് | 20 ഫെബ്രുവരി 2004 |
| 5. ഖലീഫത്തുല്ലാഹ് | 26,27 മെയ് 2008 |
| 6. ഇമാമെ ഇൻകിലാബ് | 26,27 മെയ് 2008 |
| 7, മസീഹ് മൗഊദ് | 10 സെപ്തംബർ 2010 |
| 8. മുജദ്ദിദ് | 10 സെപ്തംബർ 2010 |
| 9. റസൂലുല്ലാഹ് | ഒക്ടോബർ 2010 |
| 10. നബിയുല്ലാഹ് | ഒക്ടോബർ 2010 |

## വിശുദ്ധഖുർആൻ സാക്ഷ്യങ്ങൾ

### സാക്ഷ്യം 1

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُم
مِّن كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ
مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنصُرُنَّهُ (1)
ۚ قَالَ أَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِي
ۖ قَالُوا أَقْرَرْنَا ۚ قَالَ فَاشْهَدُوا وَأَنَا مَعَكُم
مِّنَ الشَّاهِدِينَ (3:82)

1. അല്ലാഹു പ്രവാചകന്മാരുടെ കരാർ വാങ്ങിയ അവസരം ഓർക്കുക. ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നല്കിയിട്ട് പിന്നെ നിങ്ങളുടെകൂടെയുള്ളതിനെ (സന്ദേശത്തെ) സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ

തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്. (എന്ന് പറഞ്ഞുകൊണ്ട്) അവൻ ചോദിച്ചു. നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ (ഈ ബാധ്യതയെ)ഏറ്റെടുക്കുകയും ചെയ്തുവോ, അതെ ഞങ്ങൾ സമ്മതിച്ചു. 3:82

മുകളിൽ പ്രസ്താവിക്കപ്പെട്ട കരാറിനെ സത്യപ്പെടുത്തിക്കൊണ്ടാണ്, അതായത് നമ്മുടെ കയ്യിലുള്ള വേദഗ്രന്ഥമായ വിശുദ്ധഖുർആനെ സത്യപ്പെടുത്തിക്കൊണ്ടാണ്, അദ്ദേഹത്തെ 15-ാം നൂറ്റാണ്ടിലെ അല്ലാഹുവിന്റെ പ്രതിനിധി ആയി നിയോഗിച്ചിരിക്കുന്നത്. AD 2000 മുതൽ അദ്ദേഹത്തിന് ദൈവീക വെളിപാടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അതിപ്പോഴും തുടരുന്നു. അൽഹംദുലില്ലാഹി കസീറ: ഈ വിശുദ്ധവചനത്തെ നാം വിശ്വസിക്കുന്നുവെങ്കിൽ, നമുക്ക് അദ്ദേഹത്തിന്റെ അവകാശവാദത്തെ എപ്രകാരമാണ് നിഷേധിക്കുവാൻ സാധിക്കുക.?

## സാക്ഷ്യം 2

وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنكَ
وَمِن نُّوحٍ وَإِبْرَاهِيمَ وَمُوسَىٰ وَعِيسَى
ابْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَاقًا غَلِيظًا
(2)

**(33:8)**

2. നാം പ്രവാചകന്മാരിൽ നിന്ന് അവരുടെ കരാർ വാങ്ങിയ സന്ദർഭം (സ്മരിക്കുക)നിന്നിൽ നിന്നും, നൂഹ്, ഇബ്റാഹീം, മൂസാ, ഈസബ്ന് മർയം എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം) ദൃഢമായൊരു കരാറാണ് നാം അവരിൽ നിന്ന് വാങ്ങിയത്. 33:8

മുൻപ്രവാചകന്മാരിൽ നിന്ന് അല്ലാഹു(ത) കരാർ വാങ്ങിയതുപോലെ മുഹമ്മദ് മുസ്തഫ(സ)ൽ നിന്നും കരാർ വാങ്ങി എന്ന് സ്പഷ്ടമായ നിലയിൽ ഈ വചനത്തിൽ വ്യക്തമാക്കുന്നു. പ്രസ്തുത കരാർ അനുസരിച്ച് ഓരോ നൂറ്റാണ്ടിലും അല്ലാഹുവിന്റെ പ്രതിനിധികൾ ലോകത്തു വന്നിട്ടുണ്ട്. അല്ലാഹു(ത)യുടെ നടപടിക്രമങ്ങൾക്ക് മാറ്റമില്ലാത്തതായിരിക്കെ, ഈ വചനത്തിന്റെ സത്യതയെ തെളിയിച്ചുകൊണ്ട്, അല്ലാഹു

(ത)യും മുഹമ്മദ് മുസ്തഫയും(സ)ചെയ്ത അതിശക്തമായ കരാർ പ്രകാരം, അദ്ദേഹത്തെ അല്ലാഹു(ത) ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ പ്രതിനിധിയായി നിയോഗിച്ചിരിക്കുന്നു; ഈ പരിശുദ്ധവചനം അദ്ദേഹത്തിന്റെ ആഗമനത്തെ സംബന്ധിച്ചുള്ള വിശുദ്ധഖുർആന്റെ രണ്ടാമത്തെ അതിശക്തമായ സത്യസാക്ഷ്യമായി സമർപ്പിക്കുന്നു.

## സാക്ഷ്യം 3

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ **(3)**

**(15:10)**

3. സത്യമായും ഈ പ്രബോധന ഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്, തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്. 15:10

പരിശുദ്ധഖുർആന്റെ ഉടമസ്ഥൻ അല്ലാഹുവാണ്. ഒരാളിന്റെ ഉടമസ്ഥതയിലുള്ള വീട്, വൈറ്റ്വാഷ്, പെയിന്റിംഗ് നടത്തുന്നത് വീട്ടുടമസ്ഥൻ തന്നെയാണ്. അതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നത് വീട്ടുടമ തന്നെയാണ്. ഇതിൽ ആർക്കും തർക്കം ഉണ്ടാകുവാൻ സാധ്യതയില്ല. ഇവിടെ ഈ ഉദ്ബോധന ഗ്രന്ഥം അവതരിപ്പിച്ചത് പ്രപഞ്ച സൃഷ്ടാവായ അല്ലാഹു ആകുന്നു എന്നവകാശപ്പെടുന്നു. അതിന്റെ സംരക്ഷണവും അവൻ തന്നെ ഏർപ്പാടു ചെയ്യുന്നതാണെന്നും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അപ്രകാരമുള്ള സംരക്ഷണം അവൻ പതിന്നാലു നൂറ്റാണ്ടുകളിലും ചെയ്തിട്ടുണ്ട്. ഇത് കരുണാവാരിധിയായ അല്ലാഹുവിന്റെ കാരുണ്യപ്രകടനമാണ്. അത് പതിനാഞ്ചാം നൂറ്റാണ്ടിലും അവൻ തുടർന്നു. അവൻ(അല്ലാഹു) അദ്ദേഹത്തെ അവന്റെ പ്രതിനിധിയായി തെരഞ്ഞെടുത്തശേഷം, അവന്റെ ഗ്രന്ഥത്തിന്റെ തഫ്സീർ, കശ്ഫിലൂടെ നല്കുകയും അത് അൽ അസീം തഫ്സീറുൽ ഖുർആൻ എന്നപേരിൽ വിരചിതമായിട്ടുള്ളതുമാകുന്നു. ഈ വിശുദ്ധവചനം അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന്റെ മൂന്നാമത്തെ തെളിവായി സമർപ്പിക്കുന്നു. നാം തന്നെയാണ് ഇത് (ഖുർആൻ) അവതരിപ്പിച്ചതും ഇതിനെ (ഖുർആനെ) സംരക്ഷിക്കുന്നതും നാം തന്നെയാണ് എന്ന

അവന്റെ പ്രസ്താവനയെ അന്വർത്ഥമാക്കിക്കൊണ്ടാണ് അദ്ദേഹത്തെ നിയോഗിച്ചിട്ടുള്ളത്, ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള സത്യസാക്ഷ്യമായി വിശുദ്ധഖുർആനിലെ മൂന്നാമത്തെ തെളിവായി സമർപ്പിക്കുന്നു.

## സാക്ഷ്യം 4

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا
الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ
كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ
لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم
مِّن بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِي لَا
يُشْرِكُونَ بِي شَيْئًا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ
فَأُولَٰئِكَ هُمُ الْفَاسِقُونَ **(24:56)** **(4)**

4. നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും, സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെമാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർതന്നെയാണ് ധിക്കാരികൾ. 24:56

വിശ്വസിക്കുകയും സത്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു(ത)നല്കിയ വാഗ്ദാനമാണ് ഖലീഫമാരെ നല്കുക എന്നത്. അത് ഇക്കഴിഞ്ഞ പതിന്നാല് നൂറ്റാണ്ടുകളിലും അവൻ നല്കിയിട്ടുണ്ട്. പതിനഞ്ചാം നൂറ്റാണ്ടിലേക്ക് അദ്ദേഹത്തെ അവൻ അവന്റെ ഖലീഫയായി നിശ്ചയിച്ച് അവന്റെ വാഗ്ദാനം പൂർത്തിയാക്കിയിരിക്കുന്നു. അദ്ദേഹം, ഈ വിശുദ്ധ വചനത്തിൽ പറഞ്ഞ പ്രകാരം, പതിനഞ്ചാം നൂറ്റാണ്ടിലേക്കുള്ള ഖലീഫത്തുല്ലാഹ് ആകുന്നു

എന്നതിന് ഈ വചനം സത്യസാക്ഷ്യമായി സമർപ്പിക്കുന്നു. അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയാണെന്ന് വിശുദ്ധഖുർആനിലെ ഈ വചനം സാക്ഷ്യം പറയുന്നു. അദ്ദേഹത്തിന്റെ നിയോഗം സംബന്ധമായി വിശുദ്ധ ഖുർആനിലെ നാലാം സാക്ഷ്യമായി ഞാൻ ഈ വചനത്തെ നിങ്ങളുടെ മുൻപാകെ വയ്ക്കുന്നു. അല്ലാഹു(ത)യുടെ ഈ വാഗ്ദാന പൂർത്തീകരണം അദ്ദേഹത്തിലൂടെ ഈ പതിനഞ്ചാം നൂറ്റാണ്ടിൽ പൂർത്തിയായിരിക്കുന്നു.

## സാക്ഷ്യം 5

(5) وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ ۚ وَهُوَ الْعَزِيزُ الْحَكِيمُ **(62:4)**

5. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്) അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.

ഓരോ നൂറ്റാണ്ടിലും ജനതകൾ മാറുന്നു. അത്തരം സന്ദർഭങ്ങളിൽ അവൻ അവന്റെ പ്രതിനിധികളെ നിയോഗിക്കുന്നു. ഈ നൂറ്റാണ്ടിലും അവന്റെ നിയോഗിതനെ നിയോഗിച്ചുകൊണ്ട് ഈ വചനത്തെ അന്വർത്ഥമാക്കിയിരിക്കുന്നു. പതിന്നാലാം നൂറ്റാണ്ടിൽ നിയോഗിതരായ ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ ആത്മീയ പുത്രനെന്ന നിലയിൽ, ഇനി നൂറ്റാണ്ടുകൾതോറും ആഗതരാകുന്ന അല്ലാഹുവിന്റെ പ്രതിനിധികൾ വാഗ്ദത്തമസീഹ്മാർ ആയിരിക്കെ, അദ്ദേഹത്തിലൂടെയും ഈ വചനം, ഈ നൂറ്റാണ്ടിൽ പൂർത്തിയായിരിക്കുന്നു. ആയതിനാൽ ഈ വിശുദ്ധവചനവും അദ്ദേഹത്തിന്റെ ആഗമനത്തെ സാക്ഷ്യപ്പെടുത്തുന്നതിനായി സമർപ്പിക്കുന്നു.

## സാക്ഷ്യം 6

(6) وَمَن يُطِعِ اللَّهَ وَالرَّسُولَ فَأُولَٰئِكَ مَعَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِم مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ ۚ وَحَسُنَ أُولَٰئِكَ رَفِيقًا **(4:70)**

6. വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനു
സരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള
പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്ത
ന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല
കൂട്ടുകാരത്രെ അവർ 4:70

ഈ വിശുദ്ധ വചനത്തിൽ പറഞ്ഞപ്രകാരം അല്ലാഹുവിനെയും ഹസ്രത്ത് അഖ്ദസ് മുഹമ്മദ് മുസ്തഫ(സ)നെയും അനുസരിക്കുന്നവർക്ക് നൂറ്റാണ്ടുകൾതോറും പുതുതലമുറയ്ക്ക് അല്ലാഹുവിന്റെ പ്രതിനിധികൾ വരുകയും, അവരെ വിശ്വസിക്കുന്നവർക്ക് സിദ്ദീഖിങ്ങളും, ശുഹദാക്കളും, സദ്‌വൃത്തരുമായി മാറാവുന്നതുമാണ് എന്ന സത്യതയിലേക്ക് ഈ വചനം വെളിച്ചം വീശുന്നു. അതുപ്രകാരം അല്ലാഹുവിനെയും അവന്റെ പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)നെയും അനുസരിച്ചതിന്റെ പേരിൽ, അവൻ, അല്ലാഹു, അദ്ദേഹത്തെ ഈ നൂറ്റാണ്ടിലേക്ക്, അവന്റെ പ്രതിനിധിയായി, ദീൻ പഠിപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ പരിശുദ്ധ വചനം ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു തെരഞ്ഞെടുത്ത ദൂതനാണ് അദ്ദേഹം എന്ന് സാക്ഷ്യം വഹിക്കുന്നു. ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള വിശുദ്ധഖുർആനിലെ ആറാമത്തെ തെളിവായി സമർപ്പിക്കുന്നു.

## സാക്ഷ്യം 7

69:45 وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ

69:46 لَأَخَذْنَا مِنْهُ بِالْيَمِينِ

69:47 ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ


69:48 فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ

(7)

7. അദ്ദേഹം നമ്മുടെമേൽ ചില വാക്കുകൾ കെട്ടിച്ചുമത്തിയിരുന്നെങ്കിൽ; നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായിരുന്നു. എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. അപ്പോൾ അതിനെ തടയുന്നവരാരും നിങ്ങളിലുണ്ടായിരിക്കുകയില്ല. 69: (45,46,47,48)

അല്ലാഹു(ത)യിൽ നിന്നും വചനങ്ങൾ ലഭിക്കാത്ത ഒരാൾ അല്ലാഹു(ത)യിൽ നിന്ന് വചനങ്ങൾ ലഭിക്കുന്നു എന്നു പറഞ്ഞാൽ അല്ലാഹു(ത) നടപ്പിലാക്കുന്ന ശിക്ഷാനടപടിയാണ് ഈ വചനങ്ങളിലൂടെ പ്രഖ്യാപിക്കുന്നത്. അവന്റെ ജീവനാഡി അറുത്തുകളയുമെന്ന്!

2000 മുതൽ അല്ലാഹു(ത) അദ്ദേഹത്തോട് സംസാരിക്കുന്നു. 2020ലും അതു തുടരുന്നു. അല്ലാഹുവിൽ നിന്ന് വഹ്‌യ് കിട്ടാതെ കള്ളം പറഞ്ഞുനടക്കുകയാണോ?അല്ലാഹു(ത) ഇതൊന്നും കാണുന്നില്ലേ? അവൻ ഇതൊന്നും അറിയുന്നില്ലേ? ചിന്താശേഷി നഷ്ടപ്പെട്ടവർക്ക് എന്ത് തെളിവ് നൽകുവാനാണ്? 20 വർഷമായി അദ്ദേഹത്തിന് അല്ലാഹുവിൽ നിന്ന് വഹ്‌യ് കിട്ടികൊണ്ടിരിക്കുന്നു. അധ്യായം 69 ലെ (45,46,47,48) എന്നീ വചനങ്ങൾ അദ്ദേഹത്തിന്റെ സത്യതയിലേക്കുള്ള ഏറ്റവും മികച്ച സത്യസാക്ഷ്യമാണ്. ദൈർഘ്യ ഭയത്താൽ ഇത് ഇവിടെ നിർത്തുന്നു. ഇൻശാ അല്ലാഹ് ഹദീസ് തെളിവുകളുമായി നമുക്ക് വീണ്ടും കാണാം.



*Compiled By*
*Mukarram R. Jamaludin Raother*

*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*